GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

17th August 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് : ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം വിലക്കി

തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ/കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരേയും ഓഫീസർമാരേയും തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ സ്ഥലം മാറ്ററുതെന്ന് നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ചീഫ് സെക്രട്ടറിക്ക് കത്ത് നൽകി. ഇന്ന് മുതൽ (ആഗസ്റ്റ് 17) ഇത് പ്രാബല്യത്തിലാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പോളിംഗ് ഉദ്യോഗസ്ഥർ, റിട്ടേണിംഗ് ഓഫീസർമാർ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ എന്നിവരുടെ ചുമതലകൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ഒഴിവുകൾ ഉണ്ടെങ്കിൽ അവ എത്രയും പെട്ടെന്ന് നികത്തണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥലം മാറ്റം അനിവാര്യമായ കേസുകളിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം.

നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി) 'ഇ ഡ്രോപ്പ്' (ഇലക്ട്രോണിക്കലി ഡിപ്ലോയിംഗ് റാൻഡമലി ഫോർ പോളിംഗ്) എന്ന വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിച്ചു.

*(എസ്.ഇ.സി. 35/2015)*